സന്മനസ്സ് കാണിക്കുന്നതിന് പകരം എല്ലാം ഭദ്രമാണ്, കഴിഞ്ഞ കാലഘട്ടങ്ങളിൽ അങ്ങനെയായിരുന്നു എന്ന മനോഭാവമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ എല്ലാ പഞ്ചായത്തിലും പ്ലസ്ടു സ്കൂളുകളില്ലായിരുന്നല്ലോ ; അതുകൊണ്ട് ഇനി പ്ലസ്ടു സ്കൂളുകൾ വേണ്ടെന്നാണോ നിങ്ങളാലോചിക്കുന്നത് ? അന്ന് അത്രയും മതിയായിരുന്നു. പിന്നീട് കുറച്ചുകൂടി ആവശ്യമായി വന്നു. കാലത്തിന്റെ ആവശ്യമനുസരിച്ച് ഗവൺമെന്റുകൾക്ക് പുതിയ തീരുമാനങ്ങളും പുതിയ പുതിയ നടപടികളും സ്വീകരിക്കേണ്ടിവരും. പണ്ട് നടന്നതൊക്കെ പറഞ്ഞ് ഇനിയും അതുപോലെ നടന്നാൽ മതിയെന്നല്ല തീരുമാനിക്കേണ്ടത്. വിദ്യാഭ്യാസ മേഖലയിൽ കാര്യക്ഷമതാരാഹിത്യം നടമാടുന്നുണ്ട്, അത് അവസാനിപ്പിക്കുന്നതിനാവശ്യമായ ജാഗ്രതയോടുകൂടിയ ചർച്ചകൾ ആവശ്യമാണ്. അത്തരം ചർച്ചകളോട് നിഷേധാത്മകമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ആ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാഗംങ്ങൾ അൽപസമയത്തിനുശേഷം വീണ്ടും ഹാജരായി)

IV ശ്രദ്ധ ക്ഷണിക്കൽ

1. ഭിന്നശേഷിയുള്ളവരുടേയും അംഗപരിമിതരുടേയും സംരക്ഷണം

ശ്രീ. എം. പി. വിൻസെന്റ് സർ, സംസ്ഥാനത്തെ ഭിന്നശേഷിയുള്ളവരുടേയും അംഗപരിമിതരുടേയും ക്ഷേമവും സംരക്ഷണവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ സഭയുടെ മുൻപിൽ അവതരിപ്പിക്കുന്നത്. ഭിന്നശേഷിയുള്ളവരുടെ എണ്ണത്തിൽ ഭാരതം ഒന്നാം സ്ഥാനത്താണ്. ദരിദ്ര രാജ്യമായ ആഫ്രിക്കയിൽ പോലും ഇത്രയും വികലാംഗരില്ല. വിദേശ രാഷ്ട്രങ്ങളിൽ നിരോധിക്കപ്പെടുന്ന മരുന്നുകൾ ഉപയോഗിക്കുന്നതുമൂലം ഗർഭസ്ഥ ശിശുക്കളിൽ വൈകല്യമുണ്ടാകുന്നു. രക്ത ഗ്രൂപ്പുകളുടെ ചേർച്ചയില്ലായ്മ, വാക്സിനുകളുടെ ഗുണമേന്മക്കുറവ് തുടങ്ങി ജനിതക വൈകല്യങ്ങൾവരെ വികലാംഗരെ സൃഷ്ടിക്കുന്നതിൽ മുന്നിൽ നിൽക്കുകയാണ്. കൂടാതെ, അപകടങ്ങളും ആപത്തുകളുംമൂലം സൃഷ്ടിക്കപ്പെടുന്ന വികലാംഗർ വേറെയുമുണ്ട്. ഭിന്നശേഷിയുള്ളവർക്ക് ഒരു ക്ഷേമ കോർപ്പറേഷനുണ്ടെങ്കിലും അതിന്റെ പ്രവർത്തനം ജില്ലാ തലത്തിൽ വ്യാപിപ്പിക്കേണ്ടതുണ്ട്. ഭിന്നശേഷിയുള്ളവർക്ക് സൗജന്യ വിദ്യാഭ്യാസം, ബിരുദാനന്തര ബിരുദതലംവരെ നൽകുകയും അവർക്കായി ഒരു പ്രത്യേക പാർപ്പിട പദ്ധതി നടപ്പിലാക്കുകയും ചെയ്യണം. വികലാംഗക്ഷേമ നയം പ്രഖ്യാപിക്കണം. ഇവരുടെ ക്ഷേമം സംബന്ധിച്ച ഓമനക്കുഞ്ഞമ്മ കമ്മീഷൻ റിപ്പോർട്ട്, ബഹദൂർ സാഹിബ് കമ്മീഷൻ റിപ്പോർട്ട് ഇവ പൊടിതട്ടി എടുക്കേണ്ടതുണ്ട്. ജനസംഖ്യയുടെ 13 ശതമാനം, അതായത് 30 ലക്ഷത്തോളം വരുന്ന ഭിന്നശേഷിയുള്ളവർക്ക് മാർഗ്ഗനിർദേശം നൽകുവാനും അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആശ്വാസം പകരാനും അടിയന്തര നടപടി സ്വീകരിക്കണം. ഭിന്നശേഷിക്കാരുടെ വായ്പയ്ക്ക് കൂടുതൽ സബ്സിഡി നൽകുകയും വായ്പ തിരിച്ചടയ്ക്കുവാൻ ശേഷിയില്ലാത്തവരുടെ വായ്പ എഴുതിത്തള്ളുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കണം. അതുപോലെ അവർക്ക് തൊഴിൽ പരിശീലനം നൽകാനും അവരുടെ ശേഷിക്കനുസരിച്ച് തൊഴിൽ നൽകുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ഈ വിഭാഗക്കാർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തപ്പെടുകയും ഡയറക്ട് അപ്പോയ്മെന്റിനുള്ള സൗകര്യമേർപ്പെടുത്തുകയും ചെയ്യണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സഹകരണസ്ഥാപനങ്ങളിലും അവർക്ക് പ്രത്യേക സീറ്റ് സംവരണമേർപ്പെടുത്തണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിച്ച വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടിയുണ്ടാകണം. വ്യാജരേഖ ചമച്ച്, ഇല്ലാത്ത ഡിസെബിലിറ്റിയുടെ പേരിൽ പാവപ്പെട്ട ആളുകളുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. ഭിന്നശേഷിയുള്ളവരായ മക്കളുണ്ടായതിന്റെ പേരിൽ ഭർത്താക്കന്മാർ ഭാര്യമാരെ ഉപേക്ഷിക്കുന്ന സംഭവങ്ങൾ നിരവധിയുണ്ട്. ഇത്തരത്തിലുള്ള അമ്മമാരുടെ ദുഃഖങ്ങൾ കേൾക്കാനും മനസ്സിലാക്കാനും സർക്കാരിന് കഴിയണം. ഇവരുടെ പലകാര്യങ്ങളിലും കേരളത്തിലേയും കേന്ദ്രത്തിലേയും സർക്കാരുകൾ പല നല്ല തീരുമാനങ്ങളെടുത്തിട്ടുണ്ട്. കുറച്ചു കൂടി സൗകര്യങ്ങളേർപ്പെടുത്തി നല്ല രീതിയിലുള്ള തീരുമാനങ്ങളെടുക്കുവാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കണം. ഇവരുടെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ വിദഗ്ധ ഡോക്ടർമാരടങ്ങുന്ന സഞ്ചരിക്കുന്ന ഒരു വിംഗ് ഉണ്ടാക്കണം. ഇവർക്ക് പരമാവധി സഹായമെത്തിക്കുവാൻ സർക്കാരിന് കഴിയണം. അതുപോലെ ഇവർക്കായി പ്രത്യേക കടാശ്വാസ പദ്ധതിക്ക് രൂപം നൽകാൻ കഴിയുമോ എന്നതാണ് എന്റെ പ്രധാനപ്പെട്ട ചോദ്യം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 2001-ലെ സെൻസസ് പ്രകാരം ഭാരതത്തിലെ ജനസംഖ്യയുടെ ഏകദേശം 2.1 ശതമാനത്തോളം അംഗപരിമിതരാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 2011 നാഷണൽ പോപ്പുലേഷൻ സെൻസസ് പ്രകാരം സംസ്ഥാനത്ത് 7,61,843 അംഗപരിമിതരുണ്ട്. ഇവർക്ക് സമൂഹത്തിന്റെ മുഖ്യധാര പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതിനായി പ്രത്യേക പരിഗണനയോടെയുള്ള നിരവധി പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയിട്ടുണ്ട്. വൈകല്യം വളരെ നേരത്തെ കണ്ടുപിടിച്ച് വിദ്യാഭ്യാസം, പരിശീലനം എന്നിവ നൽകുന്നതിന് സ്പെഷ്യൽ സ്കൂളുകൾ, സെറിബ്രൽ പാൾസി ബാധിത കുട്ടികൾക്ക് സ്പെഷ്യൽ സ്കൂളിനോടൊപ്പം ചികിത്സാ സൗകര്യം കൂടി ചേർത്തുകൊണ്ടുള്ള പദ്ധതി (State Initiative on Disabilities), 15 വയസ്സുമുതൽ 25 വയസ്സുവരെയുള്ള അംഗപരിമിതരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, മാനസിക രോഗബാധിതരുടെ ചികിത്സാ പുനരധിവാസത്തിനായി ഹാഫ്വേ ഹോമുകൾ, കമ്മ്യൂണിറ്റി ബേയ്സ് റീ ഹാബിലിറ്റേഷൻ പ്രോജക്ട് സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാഹചര്യമില്ലാത്ത സ്ഥലങ്ങളിലുള്ള വികലാംഗർക്ക് വിദഗ്ദ്ധരെകൊണ്ട് ചികിത്സാ സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തുന്ന പദ്ധതി, കാഴ്ചശക്തി വളരെ കുറഞ്ഞവർക്കായി പ്രത്യേക കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലന പദ്ധതിക്ക് സാമ്പത്തിക സഹായം, ശാരീരിക വെല്ലുവിളി നേരിടുന്നവർക്കായി പ്രത്യേക പരിസ്ഥിതി സൗഹൃദ ജൈവാധിഷ്ഠിത പദ്ധതികൾ (ഗാർഡനിംഗ്, പട്ടുനൂൽപുഴു വളർത്തൽ), ഭിന്ന ശേഷിയുള്ളവർക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള ധനസഹായം, നിയമ സാക്ഷരത, നിയമ ബോധവത്ക്കരണം, നിയമപരമായ മറ്റ് സഹായം നൽകുന്ന പദ്ധതി, ഒന്നാം ക്ലാസുമുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ളവരുമായ അഭിഭാഷകർക്കുള്ള ധനസഹായം, ഇന്റർവ്യൂ, എഴുത്തുപരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്ക് യാത്രാബത്ത നൽകുന്ന ധനസഹായ പദ്ധതി, എൻ.ജി.ഒ.-കൾ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി, വികലാംഗർക്കുള്ള സ്ഥാപനങ്ങൾക്ക് പി.ഡബ്ല്യു.ഡി. രജിസ്ട്രേഷൻ, ശയ്യാവലംബരായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി - ആശ്വാസകിരണം, കാരുണ്യ നിക്ഷേപ പദ്ധതി, വികലാംഗ തിരിച്ചറിയൽ കാർഡ്, വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ സഹായം, ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും ശാരീരിക വെല്ലുവിളി നേരിടുന്ന മാതാപിതാക്കളുടെ പെൺകുട്ടികൾക്കുമുള്ള വിവാഹധനസഹായം, അംഗവൈകല്യമുള്ളവർക്ക് അവരവരുടെ വൈകല്യങ്ങളുടെ സ്വഭാവമനുസരിച്ച് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി (ADIP), ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെയും മുതിർന്നവരെയും പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ, വികലാംഗരായ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകമുള്ള സംരക്ഷണ സ്ഥാപനങ്ങൾ, മാനസികാരോഗ്യം വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുവാൻ ആളില്ലാത്ത രോഗികളുടെ പരിചരണം, സംരക്ഷണം ഇവയ്ക്കായി വകുപ്പിനുകീഴിൽ ആറ് ആശാഭവനുകൾ, വികലാംഗരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഭവനങ്ങൾ, ശ്രവണ വൈകല്യമുള്ള അഞ്ച് വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് ശ്രുതിതരംഗം പദ്ധതി, കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി, ജന്മനായുള്ള വൈകല്യം തടയുന്നതിനായി സൗജന്യമായി കുട്ടികൾക്ക് എം.എം.ആർ. കുത്തിവെയ്പ്പും 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് റുബെല്ല കുത്തിവെയ്പും നൽകുന്നു. കൂടാതെ കേരളത്തിലെ പതിനാല് ജില്ലകളിലും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് ഗ്രാന്റ്, ഭിന്നശേഷിയുള്ളവർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി എക്സ്പെർട്ട് കമ്മിറ്റി, മൂന്ന് വയസ്സിനുതാഴെയുള്ള കുട്ടികളിലെ ഡെവലെപ്മെന്റ് ഡിലേ കണ്ടെത്തുന്നതിലേക്ക് അംഗൻവാടി വർക്കേഴ്സിന് പരിശീലനം, ഭിന്നശേഷിയുള്ളവർക്കായി കോഴിക്കോട് ജില്ലയിൽ കോമ്പോസിറ്റ് റീജിയണൽ സെന്റർ, സെറിബ്രൽ പാർസി ബാധിച്ച കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ഭിന്നശേഷിയുള്ളവർക്കായുള്ള ഗവേഷണ പദ്ധതികൾക്കായി വകുപ്പ് ഏറ്റെടുത്തു നടത്തുന്ന റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മെഡിസിൻ, തൃശൂർ, സാമൂഹ്യനീതി വകുപ്പും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ റിട്ടാർഡേഷനും സംയുക്തമായി തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്ത മുപ്പത് പഞ്ചായത്തുകളിലെ ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ കണ്ടെത്തി അവരെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനായി അംഗൻവാടി വർക്കർമാർക്കുള്ള പരിശീലനവും നൽകിവരുന്നു. അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി 18-5-2013-ലെ സ.ഉ. (പി) നമ്പർ 40/13/സാനീവ പ്രകാരം 16-8-1999 മുതൽ 31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി സേവനം ചെയ്ത ഏകദേശം 2677 അംഗപരിമിതർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർനിയമനം നൽകിവരുന്നു. ഇത് കൂടാതെ ഭിന്നശേഷിയുള്ളവരുടെ മേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കുന്നതിന് ഒരു പോളിസിക്ക് രൂപം കൊടുത്തുവരുന്നു. ഈ പോളിസി അംഗീകരിച്ച് നടപ്പിലാക്കി കഴിയുമ്പോൾ ഭിന്നശേഷിയുള്ളവരുടെ മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ വ്യക്തമായും സമഗ്രമായും പരിഹരിക്കാൻ സാധിക്കും. ഇതിനുപുറമെ ഇന്ത്യയിലാദ്യമായി കേരളത്തിൽ ഭിന്നശേഷിയുള്ളവരുടെ മൊത്തത്തിലുള്ള ഒരു സർവ്വേ ആരംഭിക്കുകയാണ്. അതുകഴിയുന്നതോടുകൂടി മറ്റുള്ളവർ ഭിന്നശേഷിയുള്ളവരുടെ ഒഴിവുകൾ തട്ടിയെടുക്കുന്നത് തടയാൻ സാധിക്കും. ഇങ്ങനെ ഈ ഗവൺമെന്റ് ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇത് വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് മറുപടി പറയാൻ അൽപ്പസമയം കൂടുതലെടുത്തതിൽ ബഹുമാനപ്പെട്ട ചെയറിനോട് ക്ഷമ ചോദിക്കുന്നു.

ശ്രീ. എം. പി. വിൻസെന്റ് : സർ, ഈ വിഭാഗക്കാർക്കായുള്ള സർക്കാരിന്റെ നല്ലരീതിയിലുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചതിൽ അദ്ദേഹത്തോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. അതിലുപരി, വികലാംഗർക്ക് നൽകുന്ന വാർദ്ധക്യകാലപെൻഷൻ 4000 രൂപയാക്കി കൊടുക്കാൻ നടപടി സ്വീകരിക്കുമോ ; ഇവർക്ക് പരസഹായമില്ലാതെ ജീവിക്കാൻ ബുദ്ധിമുട്ടാണ്. വാർദ്ധക്യകാലത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വാർദ്ധക്യകാല പെൻഷൻ ആരംഭിക്കാനും അതിന്റെ തുക കൂട്ടി 4000 രൂപയെങ്കിലും കൊടുക്കാവുന്നൊരു പദ്ധതിയുണ്ടാക്കാനും കഴിയുമോ ?

ഡോ. എം. കെ. മുനീർ : ഇപ്പോൾ സാധാരണരീതിയിലുള്ള വാർദ്ധക്യകാല പെൻഷനാണ് അവർക്കായി അനുവദിച്ചുകൊണ്ടിരിക്കുന്നത്. ഇവർക്കായി പോളിസി രൂപീകരിക്കുമ്പോൾ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

2. സ്വകാര്യ ലാബുകളുടെ പ്രവർത്തനക്ഷമത

ശ്രീമതി കെ. എസ്. സലീഖ : സർ, നമ്മുടെ സംസ്ഥാനത്ത് ചെറുതും വലുതുമായ പതിനായിരത്തോളം സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ അമിതമായിട്ടുള്ള ഫീസാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. ഒരേ പരിശോധനയ്ക്കുതന്നെ പല സ്ഥാപനങ്ങളും പലതരത്തിലുള്ള